**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4837** **11-08-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ വിരുദ്ധ സമരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സർക്കാർ വിരുദ്ധ സമരങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ (2016 മുതൽ 05.08.2021 വരെ) സർക്കാർ വിരുദ്ധ സമരങ്ങളുടെ പേരിൽ 7,318 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ഇത്തരം സമരങ്ങളുടെ ഭാഗമായി നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ ആകെ മൂല്യം എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത കാലയളവിൽ ഇത്തരം സമരങ്ങളുടെ ഭാഗമായി നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ ആകെ മൂല്യം 4,01,34,242 (നാല് കോടി ഒരു ലക്ഷത്തി മുപ്പത്തിനാലായിരത്തി ഇരുനൂറ്റി നാൽപ്പത്തിരണ്ട്) രൂപയാണ്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) | സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുവെന്നും ആകെ പ്രതികളുടെ എണ്ണം എത്രയെന്നും ഇതിൽ എത്രപേരാണ് ശിക്ഷിക്കപ്പെട്ടതെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ; | (സി) | സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സമരങ്ങളുടെ ഭാഗമായി പൊതുമുതൽ നശിപ്പിച്ചതിന് ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ എത്ര നിയമസഭാ സാമാജികരും മുൻ നിയമസഭാ സാമാജികരുമാണ് പ്രതികൾ ആയിട്ടുള്ളത്; ഇവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | സമരങ്ങളുടെ ഭാഗമായി പൊതു മുതൽ നശിപ്പിച്ചതിന് ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ നിലവിലെ നിയമസഭാ സാമാജികൻ ശ്രീ. ടി. സിദ്ദിഖ്, മുൻ നിയമസഭാ സാമാജികരായ ശ്രീ.ശബരീനാഥ്, ശ്രീ.എൽദോ എബ്രഹാം, ശ്രീ. അബ്ദു റബ്ബ് പി.കെ എന്നിവർ പ്രതികളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

**സമരത്തിന്റെ ഭാഗമായി നശിപ്പിക്കപ്പെട്ട പൊതുമുതലിന്റെ മൂല്യം**

| | |
|---|---|
| 2016 | 31,82,632 |
| 2017 | 2,04,07,223 |
| 2018 | 71,60,749 |
| 2019 | 67,08,246 |
| 2020 | 17,24,762 |
| 2021 (05.08.21 വരെ) | 9,50,630 |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

**പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ**

| | |
|---|---|
| രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം | 838 |
| ആകെ പ്രതികളുടെ എണ്ണം | 4470 |
| ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം | 85 |

സെക്ഷൻ ഓഫീസർ

# അനുബന്ധം II

## പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ

| | |
|---|---|
| രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം | 838 |
| ആകെ പ്രതികളുടെ എണ്ണം | 4470 |
| ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം | 85 |

സെക്ഷൻ ഓഫീസർ